(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ സീതാറാം മിൽ

45 [499] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീതാറാം മില്ലിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര എന്നും ഇനി കൂടുതൽ ധനസഹായം നൽകാൻ ഉദ്ദേശമുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) സീതാറാം മില്ലിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികളാണ് എടുത്തിട്ടുള്ളത്;

(ഡി) തൊഴിലാളികൾക്ക് വി. ആർ. എസ്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്ത് തുക ഇതിനായി നീക്കി വെച്ചിട്ടുണ്ട്.?

ഉത്തരം

(എ) ഉണ്ട്.

(ബി) 410 ലക്ഷം രൂപ ലോൺ ആയും, 191.69 ലക്ഷം രൂപ വോളണ്ടറി റിട്ടയർമെന്റ് സ്കീമിനുവേണ്ടിയും നൽകിയിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവായ പുനരുദ്ധാരണ നിർദ്ദേശപ്രകാരം സ്പിന്നിംഗ് വിഭാഗം ഇപ്പോഴത്തെ നിലയിൽ തുടരുവാനും പ്രോസസ്സിംഗ് യൂണിറ്റ് സുതാര്യമായ രീതിയിൽ വിൽപ്പന നടത്തുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) നിർത്തലാക്കിയ പ്രോസസ്സിംഗ് വിഭാഗത്തിലെ തൊഴിലാളികൾക്കും അധികമുള്ള സ്റ്റാഫിനും വി.ആർ.എസ്സ്. നൽകിയിട്ടുണ്ട്.

(ഇ) 191.69 ലക്ഷം രൂപ ഇതിനായി നൽകിക്കഴിഞ്ഞു.

ടെക്നോപാർക്ക്

46 [500] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ടെക്നോപാർക്കിന്റെ ഉടമസ്ഥതയിൽ ഇപ്പോൾ എത്ര ഏക്കർ ഭൂമിയാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടെക്നോപാർക്കിലെ കെട്ടിടങ്ങളുടെ ആകെ വിസ്തൃതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ടെക്നോപാർക്കിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടവും ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഓരോരുത്തരും ഉപയോഗിക്കുന്ന ഏരിയയും സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ഇ) ടെക്നോപാർക്കിനുവേണ്ടി പുതുതായി സ്ഥലമെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ടെക്നോപാർക്കിന്റെ സ്ഥലം മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 202 ഏക്കർ

(ബി)

കെട്ടിടം		വിസ്തൃതി (ച: അടി)
പമ്പ, പെരിയാർ	. .	70,000
നിള	. .	2,93,000
ചന്ദ്രഗിരി	. .	53,000
ഭവാനി. .	. .	2,54,000
ഗായത്രി	. .	1,00,000

എന്നിങ്ങനെ വിവിധ കെട്ടിടങ്ങളിലായി 7,70,000 ചതുരശ്ര അടി സ്ഥല വിസ്തൃതിക്കു പുറമെ പാർക്ക് സെന്റർ, ക്ലബ്ബ്, വിവിധ സബ്സ്റ്റേഷനുകൾ ഗസ്റ്റ് ഹൗസ് തുടങ്ങി ഏകദേശം 1.5 ലക്ഷം ചതുരശ്ര അടി സ്ഥലവും ഉപയോഗിക്കുന്നുണ്ട്.

(സി) ടെക്നോപാർക്കിലെ എല്ലാ കെട്ടിടങ്ങളിലും കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനങ്ങളും ഉപയോഗിക്കുന്ന ഏരിയയെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) സംസ്ഥാന ഗവൺമെന്റിന്റെ ഐ.ടി. കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിനും ടെക്നോപാർക്കിന്റെ വികസനത്തിനും വേണ്ടി 34.88.53 ഹെക്ടർ സ്ഥലം അക്വയർ ചെയ്യുന്നതിന് പ്രഖ്യാപനം തയ്യാറാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പൊന്നുവില നടപടികൾ നടന്നുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സർക്കാരിന്റെ അനുമതിയോടുകൂടി 10 ഏക്കർ സ്ഥലം 'നിഷി'-നും 4 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി. 110 കെ.വി സബ്സ്റ്റേഷനും ടെക്നോപാർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ മറ്റൊരു പദ്ധതിയായ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന് 56 ഏക്കർ ഭൂമിയും, ഐ.ടി. മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിനായ സപ്പോർട്ട് സർവ്വീസ് എന്ന അടിസ്ഥാനത്തിൽ ടെക്നോപാർക്കിൽ ഒരു ബിസിനസ് ഹോട്ടൽ ആരംഭിക്കുന്നതിനായി ഒരു ഏക്കർ ഭൂമി നൽകുന്നതിനും ധാരണയായിട്ടുണ്ട്.

ഐ. ടി. വ്യവസായം

47 [501] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. സി. ജോസഫ്:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നോപാർക്ക് ആരംഭിച്ചതെന്നാണ്;

(ബി) തെക്കെ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഐ.ടി. വ്യവസായത്തിന് പ്രാരംഭം കുറിച്ചത് കേരളത്തിലായിരുന്നോ;

(സി) സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആശാവഹമായ തോതിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) ഐ.ടി. വ്യവസായത്തിൽ എന്തു തുകയുടെ നിക്ഷേപം നാളിതുവരെ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ടെക്നോപാർക്ക് ആരംഭിച്ചത് 1990 ജൂലൈ മാസം 28-ാം തീയതിയാണ്.

(ബി) അല്ല.

(സി) സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആശാവഹമായ തോതിൽ പുരോഗതി പ്രാപിച്ചിട്ടുണ്ട്.

(ഡി) 4940 കോടി രൂപ.

വ്യവസായ പാർക്ക്

48 [502] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly